BZ/EG/411/2018

കോഴിക്കോട് കോർപ്പറേഷൻ,
സോണൽ ഓഫീസ്, ബേപ്പൂർ.
തീയ്യതി: 14/06/2018.

## ക്വട്ടേഷൻ നോട്ടീസ്

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ബേപ്പൂർ മേഖലാ ഓഫീസ് പരിധിയിലെ ഗവ. ഹയർസെക്കണ്ടറി സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചത് പ്രകാരം പഴയ കെട്ടിടം പൊളിച്ച് നീക്കം ചെയ്ത് കൊണ്ടുപോകുന്നതിന് താല്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച കവറിൽ മത്സരാധിഷ്ടിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 2018 ജൂൺ 22-ന് ഉച്ചക്ക് ശേഷം 2.30 . വരെ കോർപ്പറേഷൻ ബേപ്പൂർ മേഖലാ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം തന്നെ 3 മണിക്ക് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

**നിബന്ധനകൾ.**

1. ക്വട്ടേഷൻ സമർപ്പിക്കുന്നവർ പൊളിച്ചുനീക്കേണ്ടതായ കെട്ടിടം നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്.
2. ക്വട്ടേഷനുകൾ വെള്ള പേപ്പറിൽ എഴുതിയോ ടൈപ്പ് ചെയ്തോ സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനോടൊപ്പം 25000/- രൂപയുടെ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്, തിരിച്ചറിയൽ രേഖ എന്നിവ അടക്കം ചെയ്യേണ്ടതാണ്.
3. ക്വാട്ട് ചെയ്യുന്ന തുക വ്യക്തമായി (അക്കത്തിലും, അക്ഷരത്തിലും) രേഖപ്പെടുത്തേണ്ടതാണ്.
4. ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്തയാളുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതാണ്.
5. കെട്ടിടം പൊളിച്ച് നീക്കം ചെയ്ത് കഴിഞ്ഞാൽ മാത്രമേ ഒന്നാം സ്ഥാനക്കാരന്റെ ഇ.എം.ഡി. തിരികെ നൽകുകയുള്ളു. രണ്ടാം സ്ഥാനക്കാരന്റെ ഇ.എം.ഡി. ഒന്നാം സ്ഥാനക്കാരൻ മുഴുവൻ തുകയും അടവാക്കിയ ശേഷം തിരികെ നൽകുന്നതാണ്.
6. ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് കിട്ടി നിശ്ചിത സമയത്തിനകം അംഗീകരിച്ച ക്വട്ടേഷൻ പ്രകാരമുള്ള തുക നിയമാനുസൃത നികുതി ഉൾപ്പെടെ അടവാക്കി കെട്ടിടം പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് മൂലമുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ക്വട്ടേഷൻ സമർപ്പിച്ച ആൾക്ക് മാത്രമായിരിക്കും ഉത്തരവാദിത്വം.
7. പൊതുമരാമത്ത് ചട്ടപ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷന് ബാധകമാണ്.
8. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന ദിവസം അവിചാരിതമായ കാരണങ്ങളാൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയം വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതുമാണ്.
9. ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനുള്ള അധികാരം കോർപ്പറേഷൻ കൗൺസിലിൽ നിക്ഷിപ്തമാണ്.

മറ്റ് വിശദവിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും അറിയാവുന്നതാണ്.

സെക്രട്ടറിക്ക് വേണ്ടി.

പകർപ്പ്:-

സോണൽ ഓഫീസ്-നോട്ടീസ് ബോർഡ്.
മെയിൻ ഓഫീസ് നോട്ടീസ് ബോർഡ്
വെബ്സൈറ്റ്
ബേപ്പൂർ വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
ബേപ്പൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ നോട്ടീസ് ബോർഡ്
എ.ഇ (ബേപ്പൂർ)

Municipal Corporation Office Kozhikode 673032